"ഭരണഭാഷ - മാതൃഭാഷ"

നം. P(IT)/22685/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 05.12.2017
ഫോൺ: 0471-2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - KIIFB മാസ്റ്റർ പ്ലാനിൽ ഉൾപ്പെടാത്ത വർക്കുകൾ നിർത്തലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 07.11.2017 തീയതിയിലെ G.O(Rt)No.2011/2017/H.Edn നമ്പർ ഉത്തരവ്.

****

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KIIFB മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ വർക്കുകൾക്ക് തടസ്സം വരുന്ന രീതിയിൽ ചില കോളേജുകളിൽ ചില സിവിൽ വർക്കുകൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പ്രസ്തുത വർക്കുകൾ നിയന്ത്രിക്കുന്നതിനായി സൂചന പ്രകാരം ഉത്തരവായിരിക്കുകയാണ്. ആയതിനാൽ KIIFB മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന വർക്കുകൾക്ക് തടസ്സം ഉണ്ടാകുന്ന വിധത്തിൽയാതൊരു സിവിൽ വർക്കുകളും കോളേജുകൾ നടത്താൻ പാടില്ലാത്തതാകുന്നു.

ഒപ്പ്/-
എം.എസ്. ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡി.ജി.11.12.2017

571627

കേരള സർക്കാർ

041545 സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം- കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ.(കൈ) നം. 284 /2017/ഉ.വി.വ. തീയതി, തിരുവനന്തപുരം 10.11.2017

## ഉത്തരവ്

പരാമർശം.- 1. സ.ഉ. (കൈ) നം. 23/2017/ഉ.വി.വ തീയതി 17.01.2017
2. സ.ഉ. (കൈ) നം. 1131/17/ഉ.വി.വ തീയതി 16.06.2017
3. കിറ്റ്കോ ലിമിറ്റഡ് സീനിയർ കൺസൽട്ടന്റിന്റെ 08.11.2017-ലെ 4950 DP-885 SEV 2017 നമ്പർ കത്ത്

2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിലൂടെ സംസ്ഥാനത്തെ 52 ഗവൺമെന്റ് ആർട്ട്സ് & സയൻസ് കോളേജുകളിലും 7 എഞ്ചിനീയറിംഗ് കോളേജുകളിലും 9 പോളിടെക്നിക് കോളേജുകളിലും കിഫ്ബി ധനസഹായത്തോട് കൂടി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലും കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യമായ ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്.

പരാമർശം (1) ലെ സർക്കാർ ഉത്തരവിലൂടെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കിഫ്ബി ധനസഹായത്തോട്ടു കൂടി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) സർക്കാർ ഉത്തരവിലൂടെ കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതികൾക്കായി എസ്.പി.വി രൂപീകരിക്കുകയും കോളേജുകൾക്കായി വിശദമായ രൂപരേഖ തയ്യാറാക്കി കിഫ്ബി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി M/S കിറ്റ്കോയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി തിരഞ്ഞെടുക്കപ്പെട്ട 69 കോളേജുകളിൽ നിന്നും താഴെ പറയുന്ന 12 കോളേജുകളുടെ വിശദമായ രൂപരേഖയും റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകണമെന്നും പരാമർശം 3-ലെ കത്ത് പ്രകാരം കിറ്റ്കോ സീനിയർ കൺസൽട്ടന്റ് അഭ്യർത്ഥിച്ചിരിക്കുന്നു.

1. കൃഷ്ണമേനോൻ മെമ്മോറിയൽ ഗവൺമെന്റ് വിമെൻസ് കോളേജ്, കണ്ണൂർ

2. ഗവൺമെന്റ് കോളേജ്, തലശ്ശേരി, ചൊക്ലി
3. കുന്നമംഗലം ഗവൺമെന്റ് ആർട്സ് & സയൻസ് ചാത്തമംഗലം
4. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, നാദാപുരം
5. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, ബാലുശേരി
6. ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം
7. ഗവൺമെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ
8. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, പുല്ലൂട്ട്, കൊടുങ്ങല്ലൂർ
9. പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, ചാലക്കുടി
10. ശ്രീ. സി.അച്ചുതമേനോൻ ഗവൺമെന്റ് കോളേജ്, തൃശ്ശൂർ
11. റ്റി.എം.ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, മണിമലക്കുന്ന്
12. ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ലബോറട്ടറി, ലൈബ്രറി നവീകരണം, അടിസ്ഥാന സൗകര്യവികസനം തുടങ്ങിയവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ മേൽ പറഞ്ഞ 12 കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR), കിഫ്ബിയിലേക്ക് അപ് ലോഡ് ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുള്ള Special Purpose Vehicle (SPV) ആയി കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) എന്ന കമ്പനിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.ഉഷാ ടൈറ്റസ്**
സെക്രട്ടറി

1. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
2. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
3. മാനേജിങ്ങ് ഡയറക്ടർ, KITCO, ഫെമിത്, പി.ബി. നം. 4407, പുതിയ റോഡ്, എൻ.എച്ച്. ബൈപ്പാസ് വെണ്ണല, കൊച്ചി-682 028
4. ഡയറക്ടർ, കിഫ്ബി, നാലാം നില, ഇൻഡ്യ ഹൈറ്റ്സ്, ഗവൺമെന്റ് വിമൻസ് കോളേജ് റോഡ്, വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം
5. വൈസ് ചെയർമാൻ & എക്സിക്യൂട്ടിവ് ഡയറക്ടർ,
കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ
പൂജപ്പുര പി.ഒ., തിരുവനന്തപുരം-695 012

6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/ (എ& ഇ), കേരള,
തിരുവനന്തപുരം

7. വെബ് & ന്യൂ മീഡിയ (for uploading in Government website)

8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt. No. P(IT)/22685/2017/Coll.Edn Dated: 05.12.2017

Copy of the Government Order is communicated to the Principals of the Government Colleges, which are included in this Government Order for information and further follow-up action.

Sd/-

M.S. Jaya I.A.S
DIRECTOR OF COLLEGIATE EDUCATION

//Approved for issue//

Superintendent

DG.11.12.2017